മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

25 (1728) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി എത്ര ഘട്ടങ്ങളിലായി നടത്തിയെന്ന് വിശദമാക്കാമോ ;

(ബി) ഓരോ ഘട്ട ജനസമ്പർക്ക പരിപാടിയും സംഘടിപ്പിക്കുന്നതിന് എത്ര തുക ചെലവായെന്നും ഓരോ ഘട്ടത്തിലും എത്ര തുക വീതം വിതരണം ചെയ്തെന്നും ജില്ല തിരിച്ചു വിശദമാക്കാമോ ?

ഉത്തരം

(എ) മൂന്ന് ഘട്ടങ്ങളിലായി ജനസമ്പർക്ക പരിപാടി നടത്തി.

(ബി) ഓരോ ഘട്ട ജനസമ്പർക്ക പരിപാടിയും സംഘടിപ്പിക്കുന്നതിന് ചെലവായ തുകയുടെയും ഓരോ ഘട്ടത്തിലും വിതരണം ചെയ്ത തുകയുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ഒന്നും രണ്ടും ആയി ചേർത്തിരിക്കുന്നു.*

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

26 (1729) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ജനസമ്പർക്ക പരിപാടികളോട് അനുബന്ധിച്ച് ബഹു ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓരോ ജില്ലയിലും പ്രഖ്യാപിക്കുന്ന നിരവധി പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ ; ഒരു വർഷത്തിനുള്ളിൽ ഇവ പൂർത്തിയാക്കുന്നതിന് എങ്ങിനെ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ജനസമ്പർക്ക പരിപാടികളോട് അനുബന്ധിച്ച് ഓരോ ജില്ലയിലും പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly